# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1086 — 30.09.2016 ലെ മറുപടിക്ക്

## വീട്ടുകൾക്ക് നമ്പർ നൽകാത്തത് സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.അബ്ദുറഹിമാൻ : | ശ്രീ.കെ.റ്റി.ജലീൽ.<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) പഞ്ചായത്തിന്റെ അനുമതിയോടെ വീട് നിർമ്മിച്ചശേഷം രേഖകളിൽ വസ്തു നിലമായി കാണുന്നു എന്ന കാരണത്താൽ വീടിന് നമ്പർ കിട്ടാതെ വരുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും നെൽവയലിലോ തണ്ണീർത്തടത്തിലോ ഏതെങ്കിലും പ്രവർത്തിയോ നിർമ്മാണമോ ചെയ്യുന്നതിനുള്ള യാതൊരു ലൈസൻസും യാതൊരു തദ്ദേശസ്വയംഭരണ സ്ഥാപനവും നൽകുവാൻ പാടുള്ളതല്ല. |
| (ബി) പ്രസ്തുത വിഷയം പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരി ച്ചിട്ടുണ്ടോ;<br>(സി) ഇത്തരം വീടുകൾക്ക് താല്ക്കാലിക മായെങ്കിലും നമ്പർ നൽകാനുള്ള നടപടി കൈക്കൊള്ളുമോ; വിശദമാക്കുമോ? | (ബി) & (സി) സർക്കാരിന്റെ 04.08.2012 ലെ സ.ഉ.(എം.എസ്) നം.211/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്ക മാത്രം കേരള പഞ്ചായത്ത് രാജ് ആക്റ്റ് 235(എഎ), 235(ഡബ്ല്യു); കേരള മുനിസിപ്പാലിറ്റി ആക്റ്റ് 242, 406 എന്നീ വകുപ്പുകളിൽ അനുശാസിച്ചിട്ടുള്ള നടപടികൾക്ക് വിധേയമായി 'താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിന്റെ 09.12.2015 ലെ സ.ഉ.(എം.എസ്) നം.351/2015/തസ്വഭവ ഉത്തരവ് പ്രകാരം 04.06.2012 ന ശേഷം നിർമ്മാണം പൂർത്തിയാക്കിയ 100 ചതുരശ്ര മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്ക കൂടി താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിക്കുന്ന തിന് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ